**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803** **13-10-2021 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പ് ഉദ്യോഗസ്ഥർ ആദിവാസികളുടെ താമസ സ്ഥലത്തെ കൃഷി നശിപ്പിച്ചതായ ആരോപണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ വനഭൂമിയിൽ കൃഷി ചെയ്തുവെന്നാരോപിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥർ ആദിവാസികളും മറ്റും താമസിക്കുന്ന സ്ഥലത്തെ കൃഷി ദേഹണ്ഡങ്ങൾ വെട്ടി നശിപ്പിച്ചതായും, കാർഷിക ഉത്പന്നങ്ങൾ സൂക്ഷിക്കുന്ന പുര തീയിട്ട് നശിപ്പിച്ചതായുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയോ കൃഷിക്കാർക്കെതിരെയോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | നിയമവിരുദ്ധമായി വനഭൂമി കയ്യേറി കൃഷി ചെയ്ത സ്ഥലങ്ങൾ ഒഴിപ്പിക്കുകയും അപ്രകാരം വനഭൂമി കയ്യേറി കൃഷി നടത്തിയതിനും മറ്റ് വനകുറ്റകൃത്യങ്ങൾക്കുമായി കേരള വനനിയമവും, ചട്ടങ്ങളും പ്രകാരം ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട മൂന്നാർ, കോട്ടയം ഡിവിഷനുകളിലെ വിവിധ റെയിഞ്ചുകളിലായി നിരവധി വനം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിയമാനുസൃതം സ്വന്തം ഉടമസ്ഥതയിലും കൈവശത്തിലും ഉള്ള ഭൂമിയിൽ കൃഷി നടത്തിയിട്ടുള്ള കൃഷിക്കാർക്കെതിരെ വനം വകുപ്പ് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. നിയമാനുസൃതം കൈവശം വച്ചിട്ടുള്ള കൃഷി ഭൂമിയിലെ കൃഷി ദേഹണ്ഡങ്ങൾ വെട്ടിനശിപ്പിച്ചിട്ടില്ലെന്നതിനാൽ നിയമം നടപ്പാക്കിയ വനഉദ്യോഗസ്ഥർക്കെതിരെയും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. മേൽ വിഷയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വനം കേസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ